പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.T4391 | 17. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**മത്സ്യങ്ങളിൽ അപകടകരമായ രാസവസ്തുക്കൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തിന് പുറത്തുനിന്നുംകൊണ്ടു വരുന്ന മത്സ്യങ്ങളിൽ അപകടകരമായ രാസവസ്തുക്കൾ അടങ്ങിയിട്ടുള്ളതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതിന്മേൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ? | ബി) | മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ആരോഗ്യത്തിനു ഹാനികരമായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന വാർത്തയും ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ സാഗർ റാണിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും മത്സ്യത്തിന്റെയും, ഐസ്സിന്റെയും ഏകദേശം 450 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും അയച്ചു പരിശോധിപ്പിച്ചിട്ടുണ്ട്.<br>ഓപ്പറേഷൻ സാഗർ റാണിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പക്കുന്നതിനോടൊപ്പം കൈപുസ്തകങ്ങളും, ബോധവൽക്കരണ നോട്ടീസുകളും വിതരണം ചെയ്തിട്ടുണ്ട്.<br>ഓപ്പറേഷൻ സാഗർ റാണിയുടെ മൂന്നാം ഘട്ടത്തിൽ മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനയിൽ മത്സ്യത്തിൽ മായം കലർത്തിയതായി കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

Sheeba
സെക്ഷൻ ഓഫീസർ